പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 892 | 30.01.2019ൽ മറുപടിയ്ക്ക്

## തൃശ്ശൂർ പുത്തൂരിലെ സുവോളജിക്കൽ പാർക്ക്

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തൃശ്ശൂർ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ, | (എ) | പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമ്മാണത്തിന്റെ ഫേസ്- I പ്രകാരം സിംഹവാലൻ കുരങ്ങ്, കരിങ്കുരങ്ങ്, പക്ഷികൾ, കാട്ടുപോത്ത് എന്നിവയുടെ കൂട്ടുകളുടെ നിർമ്മാണങ്ങൾ പുരോഗമിച്ചു വരുന്നു. സുവോളജിക്കൽ പാർക്കിലേക്കുള്ള ജലവിതരണത്തിനായി മണലിപ്പുഴയിൽ നിന്നും വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അടങ്കൽ സഹിതം കേരള വാട്ടർ അതോറിറ്റിയും വൈദ്യുതി വിതരണത്തിനുള്ള അടങ്കൽ സെൻട്രൽ പി.ഡബ്ല്യു.ഡി. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>ഫേസ് - II പ്രകാരമുള്ള മാനുകളുടെ 3 കൂട്ടുകളുടേയും, പുള്ളിപ്പുലി, കടുവ, സിംഹം, മുതല എന്നിവയുടെ കൂട്ടുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി M/s PNSC, ന്യൂഡൽഹി ആസ്ഥാനമായ സ്ഥാപനത്തിന്റെ ടെണ്ടർ സെൻട്രൽ പി.ഡബ്ല്യു.ഡി അംഗീകരിച്ചിട്ടുണ്ട്.<br><br>ഫേസ് - III പ്രകാരമുള്ള ബാക്കി കൂട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മൃഗങ്ങൾക്കുള്ള ആധുനിക കൂട്ടുകൾ എവിടെ നിന്നാണ് ഇറക്കുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ, | (ബി) | ഇറക്കുമതി ചെയ്യുന്നില്ല. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതു വരെ ചെലവഴിച്ച തുക വെളിപ്പെടുത്തുമോ, | (സി) | നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവഴിച്ച തുക 26.5920235 കോടി രൂപ ആകുന്നു. |

| | | | |
|---|---|---|---|
| (ഡി) | തൃശ്ശൂർ മൃഗശാലയിൽ സിംഹത്തിനെയും കടുവയെയും പ്രദർശിപ്പിക്കുന്നില്ല എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ? | (ഡി) | ഇല്ല. തൃശ്ശൂർ മൃഗശാലയിൽ സിംഹത്തിനേയും കടുവയേയും പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ